പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4262.

17.05.2017 - ൽ മറുപടിയ്ക്ക്

## പോലീസ് സേനയിലെ ഉയർന്ന സ്ത്രീ പ്രാതിനിധ്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ.പി. അനിൽ കുമാർ<br>,, അടൂർ പ്രകാശ്<br>,, ഷാഫി പറമ്പിൽ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം 50 ശതമാനമായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (എ) 15 ശതമാനമായി ഘട്ടം ഘട്ടമായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയിൽ വനിതാ പോലീസുകാരുടെ അംഗബലം ഉയർത്തുന്നതിന്റെ ഭാഗമായി 380 വനിതാ പോലീസ് കോൺസ്റ്റബിൾമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) സ്ത്രീ സുരക്ഷയ്ക്ക് മുൻതൂക്കം നൽകുന്ന സംസ്ഥാനമായിട്ടും സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യങ്ങൾ സ്ത്രീകൾക്ക് അനുകൂലമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. സ്ത്രീ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പിങ്ക് പോലീസ് പട്രോൾ, നിർഭയ പദ്ധതി, വനിതകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടികൾ, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയ പദ്ധതികൾ സംസ്ഥാന പോലീസ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) പോലീസിലെ ഉയർന്ന സ്ത്രീ പ്രാതിനിധ്യം സ്ത്രീസുരക്ഷയ്ക്ക് ആക്കം കൂട്ടുമോ? | (സി) പോലീസിലെ സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നത് സ്ത്രീ സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനു വേണ്ടിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ